ടെൻഡർ/ ലേലപരസ്യം

എഇ(2)422/11 തീയതി.17.08.2015

കേരള ഗവർണർക്കുവേണ്ടി,പത്തനംതിട്ട കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പന്തളം കരിമ്പു വിത്തുല്പാദന കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ളതും വകുപ്പിന് ഉപയോഗപ്രദമല്ലാത്തതുമായ താഴെപ്പറയുന്ന സാധനങ്ങൾ ഈ ഓഫീസിൽ വച്ച് പരസ്യമായി ടെൻഡർ/ ലേലം വഴി വില്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്നവർ കൃത്യസമയത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് മുമ്പായി താഴെക്കാണുന്ന നിരക്കിൽ നിരതദ്രവ്യം ലേലസ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതുമാണ്.

| ക്രമനമ്പർ | വാഹനത്തിന്റെ പേര് | എണ്ണം | നിരതദ്രവ്യം |
|---|---|---|---|
| 1. | കെ എൽ 03 എൽ (ടാറ്റ 407) മിനിവാനിന്റെ നിക്കം ചെയ്ത ശീതീകരണ സംവിധാനമുള്ള അലുമിനിയം ബോഡി | 1 | 5000/- |

മേൽപറഞ്ഞ സാധനങ്ങൾക്ക് മുൻകൂട്ടി സീൽ ചെയ്ത ടെണ്ടറുകളും സ്വീകരിക്കുന്നതാണ്.ടെണ്ടറുകൾ നൽകാൻ ആഗ്രഹിക്കുന്നവർ ആയത് വെള്ളക്കടലാസിൽ എഴുതി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) , പത്തനംതിട്ട,പന്തളം എന്ന് മുദ്രണം ചെയ്ത കവറിൽ 25.09.2015 ന് ഉച്ചയ്ക്ക് 2 മണിക്കു മുമ്പായി കിട്ടത്തക്കവിധം അയക്കേണ്ടതാണ്.ടെണ്ടറിനൊപ്പം മേൽപറഞ്ഞ നിരതദ്രവ്യം ടി ഓഫീസിൽ കെട്ടി വച്ചതിന്റെ രസീതോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) , പത്തനംതിട്ട,പന്തളം പേരിൽ എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റോ ഉണ്ടായിരിക്കേണ്ടതാണ്. രസീതോ ഡ്രാഫ്റ്റോ ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കവറിനുമുകളിൽ "കെ എൽ 03 എൽ (ടാറ്റ 407) മിനിവാനിന്റെ നിക്കം ചെയ്ത ശീതീകരണ സംവിധാനമുള്ള ബോഡിയുടെ ടെണ്ടർ" എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. ടെണ്ടറുകൾ 25.09.2015 ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക് നടത്തുന്ന പരസ്യലേലത്തിനു ശേഷം തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ തുക കാണിക്കുന്നവർക്ക് ലേലം താല്ക്കാലികമായി ഉറപ്പിക്കുന്നതും ടിയാൻ ഉടൻതന്നെ ലേലം/ ടെൻഡർ തുകയുടെ മൂന്നിലൊന്ന് സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വച്ച് തന്നെ അടയ്ക്കേണ്ടതും ബാക്കി തുക ലേലം/ ടെൻഡർ സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം അടച്ച് സാധനം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്. മേൽ സാധനങ്ങളുടെ വില്പന നിലവിലുള്ള മൂല്യവർദ്ധിത നികുതിക്ക് വിധേയമായിരിക്കും. മേൽ പ്രസ്താവിച്ച നിബന്ധനകൾക്ക് വിപരീതമായി ലേലം/ ടെൻഡർ കൊണ്ട ആൾ പ്രവർത്തിക്കുകയാണെങ്കിൽ ലേലം/ ടെൻഡർ ചെയ്ത സാധനം പുനർ ലേലം ചെയ്യുന്നതും ആയതിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ലേലം/ ടെൻഡർ കൊണ്ട ആളിൽ നിന്നും ഈടാക്കുന്നതും ടിയാൻ അടച്ച നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമാണ്. അഥവാ പുനർലേലത്തിൽ ലാഭമുണ്ടാകുകയാണെങ്കിൽ ടിയാന് ആയതിൽ യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല.ലേലം കഴിഞ്ഞാലുടൻ ലേലം/ ടെൻഡർ നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം മടക്കിക്കൊടുക്കുന്നതാണ്. ടെൻഡർ/ലേലത്തിൽ പങ്കെടുക്കുന്നവർ മേൽ പ്രസ്താവിച്ച നിബന്ധനകൾ പാലിക്കേണ്ടതാണ്. ലേലം ചെയ്യാനുള്ള സാധനം എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മണി മുതൽ 5 മണി വരെ യുള്ള സമയങ്ങളിൽ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുവാദത്തോടെ പന്തളം കരിമ്പു വിത്തുല്പാദനകേന്ദ്രത്തിൽ വന്ന് പരിശോധിക്കാവുന്നതും കൂടുതൽ വിവരങ്ങൾ ശേഖരിക്കാവുന്നതുമാണ്. യാതൊരു കാരണവും കൂടാതെ ലേലത്തീയതി മാറ്റുന്നതിനും ലേലം നിർത്തിവയ്ക്കുന്നതിനും അസ്ഥിരപ്പെടു ത്തുന്നതിനുമുള്ള പൂർണ്ണ അധികാരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ദർഘാസ് വ്യവസ്ഥകൾ ഈ ദർഘാസിനും ബാധകമാണ്.

പന്തളം
17.08.2015

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
പത്തനംതിട്ട,പന്തളം